ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ** ഡയറക്ടറേറ്റ്, **തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതികം - വിദ്യാഭ്യാസം - വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - പൊതു സ്ഥലം മാറ്റം 2026 - സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലം മാറ്റം - അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (EA) വിഭാഗം**

**നം. DTETVM/4817/2026-EA4 (EA)** **തിരുവനന്തപുരം, തീയതി: 05-08-2026**

---

വായന:- 1.25.02.2017 ലെ സർക്കാർ ഉത്തരവ് നമ്പർ സ. ഉ (പി) നം. 03/2017/ഉഭപവ.

2.08.08.2019 ലെ കേരള സർക്കാർ ധനകാര്യ റൂൾസ് (എ) വകുപ്പിന്റെ സർക്കുലർ നമ്പർ 72/2019/ധന.

3.25.03.2026 ലെ ഈ കാര്യാലയത്തിലെ സർക്കുലർ നം DTETVM/11146/2025/EC-5.

4.04.07.2026 ലെ ഇതേ ഫയൽ നമ്പർ പരിപത്രം.

**<u>ഉത്തരവ്</u>**

വായന (4) പ്രകാരം, 2026 ലെ പൊതുസ്ഥലം മാറ്റത്തിന്റെ ഭാഗമായി ഈ വകുപ്പിന് കീഴിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ജീവനക്കാരുടെ SPARK നിർമ്മിത കരട് പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. അതിന്മേൽ അപേക്ഷകൾ / പരാതികൾ ഓൺലൈനായി സ്വീകരിച്ചിരുന്നു. ആയതിന് മേൽ പരാതികൾ നിലവിലുള്ള സ്ഥലമാറ്റ ചട്ടങ്ങൾക്ക് വിധേയമായി പരിശോധിച്ചതിൽ നിന്നും പരിഗണനാർഹമായ പരാതികൾ അനുവദിച്ചു കൊണ്ട് നിലവിലുള്ള സ്ഥലം മാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ചുവടെ പറയുന്ന ജീവനക്കാരെ സ്ഥലം മാറ്റം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, സ്ഥാപനം, പെൻ നമ്പർ | സ്ഥലം മാറ്റം നല്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ. അനിഷ് കുമാർ കെ<br>കോളേജ് ഓഫ് എഞ്ചിനീയറിങ്,<br>തിരുവനന്തപുരം.<br>(പെൻ. 601520) | സർക്കാർ എഞ്ചിനീയറിങ് കോളേജ്, ശ്രീകൃഷ്ണപുരം, പാലക്കാട്.<br>(ശ്രീ. കിരൺ പി ജോർജ് സ്ഥലം മാറുന്ന ഒഴിവ്) |
| 2. | ശ്രീ. കിരൺ പി ജോർജ്<br>സർക്കാർ എഞ്ചിനീയറിങ് കോളേജ്,<br>ശ്രീകൃഷ്ണപുരം, പാലക്കാട്.<br>(പെൻ .1002807) | സർക്കാർ എഞ്ചിനീയറിങ് കോളേജ്, തൃശ്ശൂർ.<br>(ശ്രീ ശിവൻ പി പി സ്ഥലം മാറുന്ന ഒഴിവ്) |
| 3. | ശ്രീമതി. ലിഷ ബഷീർ<br>രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാമ്പാടി, കോട്ടയം.<br>(പെൻ. 911312) | കോളേജ് ഓഫ് എഞ്ചിനീയറിങ്, തിരുവനന്തപുരം. (തുറന്ന ഒഴിവ്) |
| 4. | ശ്രീ. ശിവൻ പി പി<br>സർക്കാർ എഞ്ചിനീയറിങ് കോളേജ്, തൃശ്ശൂർ.<br>(പെൻ. 631571) | സർക്കാർ എഞ്ചിനീയറിങ് കോളേജ്, കണ്ണൂർ.<br>(തുറന്ന ഒഴിവ്) |

വായന (2) പ്രകാരം, ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലമാറ്റം ലഭിച്ച മേൽ പട്ടികയിലെ ജീവനക്കാർക്ക് കെ.എസ്.ആർ. ഭാഗം 1 ചട്ടം 127 പ്രകാരം, അനുവദനീയമായ പ്രവേശനകാലത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥലമാറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരം അനുവദനീയമായ സ്ഥലമാറ്റത്തിനുള്ള യാത്രാപ്പടിയ്ക്ക് അർഹതയുണ്ടായിരിക്കും. മേൽ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരെ സ്ഥാപന മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്ത് അവരുടെ വിടുതൽ ചേരുംകാലം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 05-08-2026
12:22:01

**Dr JAYAPRAKASH P**

**DIRECTOR**

**05-08-2026**

സ്വീകർത്താവ്,

1.ബന്ധപ്പെട്ട ജീവനക്കാർക്ക് /സ്ഥാപന മേധാവികൾ (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം).

2.സിസ്റ്റം അനലിസ്റ്റ്, ഡിടിഇ (പ്രസിദ്ധീകരണത്തിന്).

3.അക്കൗണ്ടന്റ് ജനറൽ (എ & ഇ), മെയിൻ ഓഫീസ്, തിരുവനന്തപുരം.

4.കരുതൽ ഫയൽ / ഓഫീസ് പകർപ്പ്